ഉത്തരം

(എ) (ബി) കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽപ്പെടുത്തി താഴെ പറയുന്ന മൂന്നു ജലപാതകളുടെ നവീകരണ ജോലികളാണ് നടത്തുന്നത്.

1. ആലപ്പുഴ-ചങ്ങനാശ്ശേരി-28 കി.മീ.
2. ആലപ്പുഴ-കോട്ടയം-23 കി.മീ.
3. കോട്ടയം-വൈക്കം-42 കി.മീ.

ഇതിനു പ്രതീക്ഷിക്കുന്ന ചെലവ് ഏകദേശം 61 കോടി രൂപയാണ്.

റവന്യൂ ടവറുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്പെയ്സ്

143 [1374] ശ്രീ. സി. പി. മുഹമ്മദ്:
ശ്രീമതി മാധാരാഘവൻ:
ശ്രീ. കെ. ബാബു:
,, ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം റവന്യൂ ടവറുകളിൽ ഓഫീസ് സ്പെയ്സ് ഒഴിവായി കിടക്കുന്നു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഗവൺമെന്റ് ആഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ആഫീസുകൾക്കുവേണ്ടി എന്തു തുക വാടക നൽകുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ആഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് ഗവൺമെന്റ് കെട്ടിടങ്ങളിൽ ഓഫീസുകൾ പ്രവർത്തിക്കുവാനുള്ള സ്ഥലമില്ലെന്ന് പി.ഡബ്ല്യു.ഡി. അധികാരികൾ സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ;

(ഇ) എങ്കിൽ റവന്യൂ ടവറിൽ ഓഫീസുകൾ പ്രവർത്തിക്കുവാൻ സൗകര്യമുള്ളപ്പോൾ അവിടെ ഗവൺമെന്റ് കെട്ടിടങ്ങളിൽ ഒഴിവില്ലെന്ന സർട്ടിഫിക്കറ്റ് നൽകിയത് ക്രമാനുസൃതമാണോ; എങ്കിൽ എപ്രകാരമെന്ന് പറയുമോ?

ഉത്തരം

(എ) റവന്യൂ ടവറുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്ഥലത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

കുന്ദമംഗലം ടൗണിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം

144 [1377] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഒരു ഓവർ ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ടി ഓവർ ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുതിയാപ്പയിലുള്ള ഫിഷറീസ് ഡിസ്പെൻസറി

145 [1381] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് (ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി) ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്ത് പുതിയാപ്പയിലുള്ള ഫിഷറീസ് പ്രൈമറി ഹെൽത്ത് സെന്ററിന് ചെലവഴിച്ച തുക യെത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കെട്ടിടത്തിന്റെ പണി തുടങ്ങിയതെന്നാണെന്നും കെട്ടിടത്തിന്റെ പണി എന്ന് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് വൈദ്യുതീകരണം പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)—(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly